# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3972** **11.11.2019 ൽ മറുപടിയ്ക്ക്**

## അംഗനവാടി സൂപ്പർവൈസർമാരുടെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി. എം. ജോൺ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗനവാടി സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ 153 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ബി) | കാറ്റഗറി നമ്പർ 423/2014 പ്രകാരം 19.07.2017 യിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും (ഐ.സി.ഡി.എസ്.) സൂപ്പർവൈസർ തസ്തികകളിൽ എത്ര പേർക്ക് നാളിതുവരെയായി നിയമനം നൽകിയെന്ന് വിശദമാക്കാമോ; | (ബി) | കാറ്റഗറി നമ്പർ 423/2014 പ്രകാരം 19.07.2017 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് ഡിഗ്രിയും 10 വർഷത്തെ അങ്കണവാടി സേവനപരിചയവുമുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിന്റേതാണ്. ആകെ തസ്തികയുടെ 11% ആയ 146 പേർക്കാണ് ഈ വിഭാഗത്തിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നൽകാവുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. നിയമന ശുപാർശ ലഭിച്ച 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഒഴിവുകളിൽ 1 (ഒരു) ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാലും 1 (ഒരു) ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താൽക്കാലികമായി നിയമനം മാറ്റി വച്ചിട്ടുള്ളതും ആണ്. നിയമനം ലഭിച്ച 143 പേരിൽ ഒരാൾ വകുപ്പ് മാറിയത് വഴി ഉണ്ടായ ഒഴിവ് ST വിഭാഗത്തിന് മാത്രമുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നും നിലവിലില്ലാത്തതിനാൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 18.07.2020 വരെയാണ്. |

സെക്ഷൻ ഓഫീസർ.